Draft #2 of File 142025/AD B1-1/2024/AD B 1 Approved by ESTATE OFFICER ADMINISTRATION on 24-Mar-2025 02:05 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 142025/AD B1-1/2024/എ ഡി ബി 1 തീയതി: 24.03.2025

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- സർവ്വകലാശാല വകുപ്പ് മേധാവികൾക്കും വിവിധ വിഭാഗങ്ങൾക്കും അനുവദിക്കുന്ന സ്ഥിരമുൻകൂർ തുകയുടെ പുനഃ സമാഹരണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടിക്രമങ്ങളും നിർദ്ദേശങ്ങളും ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് -

സൂചന :- 1. ഫിനാൻസ് ഓഫീസറുടെ ശുപാർശ സഹിതമുള്ള 26.11.2024 ലെ കുറിപ്പ് നം . 132375/FINANCE/2024 ( (ബഹു . വൈസ് ചാൻസലർ അംഗീകരിച്ചത് )
2. സർക്കുലർ നമ്പർ .142025/ADB1-1/2024എ . ഡി . ബി . 1 ,തീയതി : 21.12.2024
3. സ്ഥിരമുൻകൂർ തുകയുടെ പുനഃ സമാഹരണവുമായി ബന്ധപ്പെട്ട് 14.02.2025 തീയതി പരീക്ഷാകൺട്രോളറുടെ പി . എ . നൽകിയ സമർപ്പണം .

സർവ്വകലാശാല വകുപ്പ് മേധാവികൾക്കും വിവിധ വിഭാഗങ്ങൾക്കും അനുവദിക്കുന്ന സ്ഥിരമുൻകൂർ തുകയുടെ പുനഃ സമാഹരണവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട നടപടിക്രമങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ട് സൂചന (2) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു . സൂചന (3) പ്രകാരമുള്ള പരീക്ഷകൺട്രോളറുടെ ഓഫീസിൽ നിന്നുള്ള അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ ടി സർക്കുലറിലെ ക്രമനമ്പർ 11 , ക്രമനമ്പർ 13 എന്നിവ ഭേദഗതി ചെയ്തത് ചുവടെ ചേർത്തിരിക്കുന്നു .

11. ഡിപ്പാർട്ട്മെന്റുകൾ ഒഴികെയുള്ള വിഭാഗങ്ങളിലെ ,സ്ഥിരമുൻകൂർ തുകയുടെ പുനഃ സമാഹരണവുമായി ബന്ധപ്പെട്ട് ലഭ്യമായ ബില്ലുകൾ അതാതു മാസങ്ങളിൽ തന്നെ സമർപ്പിക്കേണ്ടതാണ് . അതാതു മാസങ്ങളിൽ ഉൾക്കൊള്ളിക്കാൻ സാധിക്കാതെ ,തുടർന്ന് ലഭിക്കുന്ന ബില്ലുകൾ പരമാവധി ആറുമാസത്തിനുള്ളിൽ സമർപ്പിക്കുന്ന പുനഃ സമാഹരണ ബില്ലിനൊപ്പം ഉൾക്കൊള്ളിക്കാവുന്നതാണ് .

13. സെക്ഷനുകളിലെ കമ്പ്യൂട്ടർ ,പ്രിൻറർ തുടങ്ങിയവയുടെ റിപ്പയറിങ്ങുമായി ബന്ധപ്പെട്ട ₹ 2000/ - രൂപക്ക് മുകളിൽ വരുന്ന ബില്ലുകളിൽ ഹാർഡ്‌വെയർ എൻജിനിയർ സർട്ടിഫൈ ചെയ്യേണ്ടതും മറ്റുള്ളവ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ സർട്ടിഫൈ ചെയ്യേണ്ടതുമാണ് .

**ജിംസൺ ജോൺ**
എസ്റ്റേറ്റ് ഓഫീസർ (ഭരണ വിഭാഗം)

സ്വീകർത്താവ്

1.എല്ലാ സെക്ഷനുകൾ / സ്കൂളുകൾ/ ഡിപ്പാർട്മെന്റുകൾ / സെന്ററുകൾ
2. വി . സി . യുടെ പി . സ് .
3. രജിസ്ട്രാർ / പരീക്ഷാകൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി . എ . മാർ
4.ജെ . ആർ . /ഡി . ആർ . /എ . ആർ . / ( ഭരണ വിഭാഗം / പരീക്ഷ വിഭാഗം /അക്കാദമിക്

വിഭാഗം / ധനകാര്യ വിഭാഗം )

5. പബ്ലിക് റിലേഷൻസ് ഓഫീസർ / ഐ . ക്യൂ . എ . സി .

6. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

Draft #2 of File 142025/AD B1-1/2024/AD B 1 Approved by ESTATE OFFICER ADMINISTRATION on 24-Mar-2025 02:05 PM - Page 2